താലൂക്ക് ഹെഡ് ക്വാർട്ടേഴ്സുകളിലെ മിനി സിവിൽ സ്റ്റേഷനുകൾ

* 427. [457] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സുകളിൽ എത്ര മിനി സിവിൽ സ്റ്റേഷനുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അത് ഏതെല്ലാം താലൂക്കുകളിലാണ് ;

(സി) മിനി സിവിൽ സ്റ്റേഷൻ ഇല്ലാത്ത എല്ലാ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിലും അത് നിർമ്മിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ), (ബി) സംസ്ഥാനത്ത് ഇപ്പോൾ കരുനാഗപ്പള്ളി താലൂക്കിൽ മാത്രമേ മിനി സിവിൽ സ്റ്റേഷനുള്ളു.

(സി) പാലായിലും പത്തനംതിട്ടയിലും മിനി സിവിൽ സ്റ്റേഷന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ധനലഭ്യതയനുസരിച്ച് മറ്റ് താലൂക്കുകളിലും മിനി സിവിൽ സ്റ്റേഷൻ പണിയുന്നതാണ്.

ശ്രീ. എസ്. ആർ. തങ്കരാജ് : താലൂക്ക് ഹെഡ് ക്വാർട്ടേഴ്സൊക്കെ വളരെ അകലെയാണ് സ്ഥിതി ചെയ്യുന്നത്. മിക്കവാറും വാടക കെട്ടിടങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. അത് ജനങ്ങൾക്ക് വളരെയധികം അസൗകര്യമുണ്ടാക്കുന്നതുകൊണ്ട് ഒരു ഫോർമുല നിശ്ചയിച്ച് ഇത്ര വർഷത്തിനകം എല്ലാ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സുകളിലും മിനി സിവിൽ സ്റ്റേഷൻ പണിയുമെന്ന ഒരു തീരുമാനമെടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : എല്ലാ താലൂക്കുകളിലും പണിയണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. പി. ഡബ്ലിയു. ഡി. ക്ക് കിട്ടുന്ന ധനലഭ്യത അനുസരിച്ചുമാത്രമെ പരിഗണിക്കാൻ കഴിയുകയുള്ളു.

ശ്രീ. എസ്. ആർ. തങ്കരാജ് : നെയ്യാറ്റിൻകര താലൂക്കിൽ മിനി സിവിൽ സ്റ്റേഷന്റെ പ്ലാനിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ അവിടെ ആവശ്യമുള്ള ഭൂമി ഉണ്ട്. അത് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്ന് ഹാൻഡ് ഓവർ ചെയ്ത് വാങ്ങിക്കേണ്ടതാണ്. ഇത് വളരെക്കാലമായി പെൻഡിംഗിൽ കിടക്കുകയാണ്. അതിനെങ്കിലും ഒരു നിശ്ചിത കാലപരിധി നിശ്ചയിച്ച് അടിയന്തിരമായി പണി ഹാൻഡ് ഓവർ ചെയ്ത് വാങ്ങി പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : തീർന്ന പല ജോലികൾക്കും ഫണ്ട് കൊടുക്കാനായിട്ട് നടപടി ഇപ്പോൾ പൂർത്തികരിക്കുന്നതേയുള്ളു. ഒരു മിനി സിവിൽ സ്റ്റേഷന് ഇപ്പോഴത്തെ കണക്കനുസരിച്ച് ഒരു കോടി രൂപയോളം ചെലവാകും. അതുകൊണ്ട് ധനലഭ്യതയനുസരിച്ചുമാത്രമെ പുതിയവ ഏറ്റെടുക്കാൻ കഴിയുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : തലശ്ശേരിയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ വേണ്ടി 100 രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാൻ തുടങ്ങിയിട്ട് കുറെ വർഷങ്ങളായി. അതിന്റെ നടപടി ക്രമങ്ങളെല്ലാം പൂർത്തിയായിട്ടുണ്ടെങ്കിലും ഇതുവരെ അവിടെ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം തുടങ്ങിയിട്ടില്ല. അടിയന്തിരമായി അതിന്റെ പണി ആരംഭിക്കാനായിട്ട് നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : അതിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി ഞാൻ ഇവിടെ പറഞ്ഞു കഴിഞ്ഞു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : ബഹുമാനപ്പെട്ട മന്ത്രി ധനലഭ്യതയനുസരിച്ച് സിവിൽ സ്റ്റേഷൻ നിർമ്മിക്കുമെന്ന് ഇവിടെ പറഞ്ഞു. കൊല്ലം ജില്ലയിലെ ഏറ്റവും വലിയൊരു താലൂക്കായ നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തിയോട് ചേർന്നുകിടക്കുന്ന ഒരു താലൂക്കാണ് പത്തനംതിട്ട താലൂക്ക്. ആ താലൂക്കിന്റെ ഹെഡ്കാർട്ടേഴ്സായ പുനലൂരിൽ ഒരു സിവിൽ മിനി സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : കൂടുതൽ മിനി സിവിൽ സ്റ്റേഷൻ പണിയുന്ന മുറയ്ക്ക് ഇതും പരിഗണിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻ കുട്ടി : ഈ മിനി_സിവിൽ സ്റ്റേഷന് നേരത്തേ പ്രയോറിറ്റി ലിസ്റ്റ് നിശ്ചയിച്ചിരുന്നോ ? പിന്നീട് ആ പ്രയോറിറ്റി ലിസ്റ്റ് മാറ്റി നിശ്ചയിക്കാനുള്ള കാരണമെന്താണ് ? ആ രണ്ട് പ്രയോറിറ്റി ലിസ്റ്റും മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഒരെണ്ണമേ പണി പൂർത്തിയായിട്ടുള്ളൂ. രണ്ടെണ്ണത്തിന്റെ പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. പ്രയോറിറ്റിയിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല.

ശ്രീ. വി. വി. ജോസഫ് : എറണാകുളത്ത് സിവിൽ സ്റ്റേഷന്റെ പണി തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. പൊതുജനങ്ങൾക്കും ഗവൺമെന്റുദ്യോഗസ്ഥൻമാർക്കുമെല്ലാം ഇന്ന് ടൗണിലേക്ക് പോകുന്നതിന് വളരെ ബുദ്ധിമുട്ടുണ്ട്. അപകടം അധികമായതുകൊണ്ടാണ് ബുദ്ധിമുട്ട് വരുന്നത്. സർക്കാരിന് ഇതുകൊണ്ട് വളരെ നഷ്ടമുണ്ടാകുന്നുവെന്നുള്ളത് പരിഗണിച്ചുകൊണ്ട് മേലിൽ ഇങ്ങനെ സിവിൽ സ്റ്റേഷൻ പണിയുമ്പോൾ ജനങ്ങൾക്ക് സൗകര്യപ്രദമായി ടൗണിനടുത്ത് പണിയുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : നമ്മുടെ പട്ടണങ്ങളൊക്കെ വികസിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ സ്ഥലങ്ങളിലേക്ക് വികസിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലമാണിപ്പോഴുള്ളത്. ഇത് മിനി സിവിൽ സ്റ്റേഷനെപ്പറ്റിയുള്ള ചോദ്യമാണ്. ജില്ലയുടെ ഹെഡ് കാർട്ടേഴ്സ് ഒക്കെ മിക്കവാറും നിശ്ചയിച്ചുകഴിഞ്ഞിരിക്കുകയാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഇപ്പോൾ ഒരു കെട്ടിടം പണിതു കഴിഞ്ഞു, രണ്ടെണ്ണം പണിയുന്നുണ്ട് എന്നും പറഞ്ഞു. അതുകൂടാതെ വേറെ ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ? അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്തിട്ടുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ മേറ്റ് സ്ഥലങ്ങളിലൊന്നും കൊടുത്തിട്ടില്ല.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : തൃശ്ശൂരിൽ പല സർക്കാർ ആഫീസുകളും വാടക കെട്ടിടത്തിലാണ് ഇന്ന് പ്രവർത്തിക്കുന്നത്. താലൂക്കാഫീസിന്റെ മുൻവശത്ത് ധാരാളം സ്ഥലസാദ്ധ്യത ഉള്ളതുകൊണ്ട് അവിടെ ഒരു മിനി സിവിൽ സ്റ്റേഷന്റെ പണി ആരംഭിക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : തൃശ്ശൂർ താലൂക്കാഫീസിൽ ഞാൻ അടുത്ത കാലത്ത് പോകുകയുണ്ടായി. അവിടെയുള്ള സ്ഥലസൗകര്യം ഇപ്പോഴും കുറച്ചു കൂടിവർദ്ധിപ്പിച്ചിട്ടുണ്ട്. ധാരാളം സ്ഥലമുള്ളതായിട്ടാണ് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. സി. പി. മൂസാൻകുട്ടി : തൃപ്രയാർ താലൂക്കിന്റെ ആഫീസിനുവേണ്ടി അഹമ്മദ്നഗർ പരിഷ്ക്കാരം നടപ്പിൽ വരുത്തുന്നതിനോട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അവിടെ വന്ന അവസരത്തിൽ സഭാ ജയിലിലാണ് ആ ആഫീസ് നടക്കുന്നതെന്ന് കണ്ടു. കൂടാതെ 12-ഓളം സർക്കാർ ആഫീസുകളും ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അവിടെ മിനി സിവിൽ സ്റ്റേഷൻ പണിയുന്നില്ലെങ്കിലും ഒരു അഡീഷണൽ ബിൽഡിംഗ് എങ്കിലും അടിയന്തിരമായി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : തളിപ്പറമ്പ് താലൂക്ക് ആഫീസിൽ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങളെല്ലാം വൃത്തിയാക്കി, റിപ്പയർ പണിയെല്ലാം ചെയ്തത് ഇപ്പോഴും വളരെയധികം സ്ഥലസൗകര്യങ്ങളുണ്ടായിരിക്കുന്നു. ആര് നോക്കിയാലും അക്കാര്യം ബോദ്ധ്യപ്പെടുന്നതാണ്.

ശ്രീ. വി. ദിനകരൻ : അമ്പലപ്പുഴ താലൂക്കിന്റെ ആസ്ഥാനത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കണമെന്നുള്ള ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ? അതേക്കുറിച്ച് ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : അമ്പലപ്പുഴ താലൂക്ക് ആഫീസ് ഇരുന്നത് ആലപ്പുഴ ടൗണിലാണ്. അത് അടുത്ത കാലത്ത് തീ പിടിക്കുകയുണ്ടായി. അതുകൊണ്ട് അവിടെ ഒരു മിനി സിവിൽ സ്റ്റേഷന്റെ മോഡലിലെങ്കിലും പകരം ഒരു കെട്ടിടം പണിയണം എന്നുള്ള ഒരു തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ : മുകുന്ദപുരം താലൂക്കിന്റെ ആസ്ഥാനമായ ഇരിങ്ങാലക്കുടയിൽ മിനി സിവിൽ സ്റ്റേഷനുവേണ്ടി പതിമൂന്നര ഏക്കർ മിച്ചഭൂമി ഏറ്റെടുത്തിട്ട് എന്തുകൊണ്ടാണ് മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കാത്തത് ? മിനി സിവിൽ സ്റ്റേഷന് കാലതാമസം നേരിടുകയാണെങ്കിൽ റവന്യൂ ഡിവിഷണൽ ആഫീസെങ്കിലും അടിയന്തിരമായി ആരംഭിക്കാൻ വേണ്ട നടപടികളെടുക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : കെട്ടിടം പണിയുന്ന കാര്യം ആണ്, രണ്ടാമത് പറഞ്ഞ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതിഹാജി : മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ 39 പഞ്ചായത്തുകളും രണ്ട് മുനിസിപ്പാലിറ്റികളും 11 ലക്ഷം ജനസംഖ്യയുമുള്ള-ഹെഡ്കാർട്ടേഴ്സായ—മഞ്ചേരിയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കാൻ നടപടികളെടുക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : കൂടുതൽ സ്ഥലങ്ങളിൽ പണിയണമെന്നാണ് ഗവൺമെൻറിന്റെ ഉദ്ദേശമെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു. അതിനുള്ള ധനം ലഭ്യമാക്കേണ്ടിയിരിക്കുന്നു. ആ മുറയ്ക്ക് ഇതും പരിഗണിക്കുന്നതാണ്.

ശ്രീ. ജി. വരദൻ : தேவிகுளத்திலுள்ள கெட்டிடம் நாலு வருடங்களுக்கு முன்னல் கெட்டப்பட்டது./மழை பெய்தால் பைல்களெல்லாம் நனைந்து நாசமாகிப் போகிறது. ஆகையால் தேவிகுளம் தாலூக் அலுவலகத்திற்கு முன்தூக்கம் கொடுக்கப்படுமா ?

ശ്രീ. പി. ജെ. ജോസഫ് : ദേവികുളം താലൂക്ക് ആഫീസ് അടുത്ത കാലത്ത് റിപ്പയർ ചെയ്തത് ഇപ്പോഴും കുറേക്കൂടി സൗകര്യങ്ങളും അവിടെ ഉണ്ടാക്കിയിട്ടുണ്ട്.

ശ്രീ. സി. ടി. അഹമ്മദ് അലി : വളരെ പിന്നോക്ക പ്രദേശമായ കാസർകോട് ആസ്ഥാനമായി വളരെക്കാലമായി നിർദ്ദേശിക്കപ്പെട്ട കാസർകോട് മിനി സിവിൽ സ്റ്റേഷന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; പല സർക്കാർ ആഫീസുകളും വാടക കെട്ടിടങ്ങളിലാണ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നത് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : കാസർകോട് മിനി സിവിൽ സ്റ്റേഷന്റെ പണികളും നടത്താനുള്ള ഏർപ്പാടുകളും എല്ലാം എടുത്തു കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം ഇവിടെ കളക്ടറേറ്റിനെപ്പറ്റിയാണ് സൂചിപ്പിച്ചത്, അതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : താലൂക്ക് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനുള്ള മാനദണ്ഡമെന്താണ് ; ഒരാൾ പ്രസിഡന്റ് ചെയ്യുന്ന നിയോജക മണ്ഡലത്തിലെ താലൂക്ക് എന്നതാണോ മാനദണ്ഡം ?

ശ്രീ. പി. ജെ. ജോസഫ് : ഒരെണ്ണം പണി തീർന്നിരിക്കുന്നു, അതിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളെക്കുറിച്ച് പറയുമ്പോൾ പി. ഡബ്ല്യു. ഡി. യാണ് അത് നിശ്ചയിച്ചിട്ടുള്ളത്. എല്ലാ സ്ഥലത്തും നിർമ്മിക്കണമെന്നുള്ളതാണ് എല്ലാവരുടെയും ആവശ്യം.

ശ്രീമതി കെ. ആർ. ഗൗരി : ഒരു ഗവൺമെൻറിന്റെ തീരുമാനത്തിനു വേണ്ടിയുള്ള നയം പി. ഡബ്ല്യു. ഡി. യാണോ തീരുമാനിക്കേണ്ടത് ?

ശ്രീ. പി. ജെ. ജോസഫ് : ഏറ്റവും ആവശ്യമായി തോന്നിയ കരുനാഗപ്പള്ളിയിലാണ് ആദ്യം പണിതത്.

ശ്രീ. ഇ. ജെ. ലൂക്കോസ് : കോട്ടയം താലൂക്ക് ആഫീസിന്റെ കെട്ടിടം പൊളിച്ചുമാറ്റിയിട്ട് നാളുകളേറെയായി. കോട്ടയം താലൂക്കിനാവശ്യമായ താലൂക്ക് ആഫീസിനും, മറ്റ് വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആഫീസുകളും പ്രവർത്തിപ്പിക്കുന്നതിനും വേണ്ടി കോട്ടയത്ത് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനുവേണ്ട നടപടികളും സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : ഇത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. അവിടത്തെ താലൂക്ക് ആഫീസ് കെട്ടിടം പൊളിച്ചു മാറ്റുകയും അവിടെ സ്ഥലം അതിനുവേണ്ടി മാറ്റിയിട്ടിരിക്കുകയുമാണ്. അത് മുൻഗണന കൊടുക്കേണ്ട ഒരു കാര്യമാണെന്നതിൽ യാതൊരു സംശയവുമില്ല.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : സംസ്ഥാനത്തെ ഏറ്റവും വലിയ താലൂക്കുകളിൽ ആദ്യമായി കെട്ടിടങ്ങൾ നിർമ്മിക്കുകയെന്ന നിർദ്ദേശത്തെ പറ്റി ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : താലൂക്കുകൾ വലുതാണെങ്കിലും ഇപ്പോൾ തന്നെ സ്ഥലസൗകര്യമുള്ള നല്ല പഴയ കെട്ടിടങ്ങൾ—തളിപ്പറമ്പിൽ ഉള്ളതു പോലെ—അത് വളരെ സൗകര്യപ്രദമാണ്. അതിന്റെ വലിപ്പമല്ല പ്രശ്നം, സൗകര്യങ്ങളാണ്. അവ വേണ്ടപോലെ ഈ കെട്ടിടങ്ങൾക്കുണ്ട്.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : മലപ്പുറം ജില്ലയുടെ ആസ്ഥാനം മലപ്പുറത്താണെങ്കിലും വളരെയധികം ജില്ലാ ആഫീസുകൾ സ്ഥിതിചെയ്യുന്ന മഞ്ചേരിയിൽ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കണമെന്ന് പറഞ്ഞ് പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. സി. എച്ച്. മുഹമ്മദ്കോയ സാഹിബ് പ്രൊപ്പോസൽ അയയ്ക്കുകയും റവന്യൂ വകുപ്പിൽ നിന്ന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിക്കാത്തതിന്റെ പേരിൽ കെട്ടിക്കിടക്കുന്നതുമായ വസ്തുത ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ; ഉണ്ടെങ്കിൽ അതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുക്കുന്നത് ധനം ലഭ്യമാണോ എന്ന് നോക്കിയിട്ടാണ്.

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഒരു ജില്ലയിലൊന്ന് എന്ന മുൻഗണന തീരുമാനിച്ച അവസരത്തിൽ എറണാകുളം ജില്ലയിൽ ഉള്ള പെരുമ്പാവൂരിൽ ഒരു മിനി സിവിൽ സ്റ്റേഷൻ പണിയാൻ വേണ്ട മുൻഗണന മുൻ ഗവൺമെന്റ് തീരുമാനിക്കുകയും അതിന്റെ ഒരു ഭാഗം എന്നുള്ളനിലയിൽ സ്റ്റാഫ് കാർട്ടേഴ്സിനുവേണ്ടിയുള്ള സ്ഥലം അക്വയർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മിനി സിവിൽ സ്റ്റേഷന്റെ പണികൾക്കുള്ള യാതൊരു നടപടികളും ഉണ്ടായിട്ടില്ല. അത് അടിയന്തിരമായി തുടങ്ങാൻ മന്ത്രി ശ്രദ്ധിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഇതിനെപ്പറ്റിയുള്ള പൊതുവായ കാര്യം പറഞ്ഞുകഴിഞ്ഞു. ധന ലഭ്യത തന്നെയാണ് ഇതിന്റെ മുഖ്യപ്രശ്നം.

പീഡിത വ്യവസായങ്ങൾ

*428. [458] ശ്രീ. ഒ. ഭരതൻ :
,, എം. ജിനദേവൻ :
,, സി. കെ. തങ്കപ്പൻ :
,, കെ. മൂസ്സക്കുട്ടി :
,, കോടിയേരി ബാലകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീഡിത വ്യവസായങ്ങൾ ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly